(സി) അനുബന്ധമായി വച്ചിട്ടുള്ള പ്രോഗ്രാം ഇംപ്ലിമെന്റേഷൻ കോസ്റ്റിൽ വിവരങ്ങൾ കൊടുത്തിട്ടുണ്ട്.†

(ഡി) എ. ഡി. ബി. യിൽ ലോൺ ഉപയോഗിച്ച് നടപ്പാക്കുന്ന പരിപാടികളുടെ പുരോഗതി വിലയിരുത്തിയശേഷം മാത്രമേ രണ്ടാം ഗഡു ലഭ്യമാകുകയുള്ളു.

(ഇ) ഒന്നാം ഗഡുവായി ലഭിച്ച തുക പൂർണ്ണമായും ചെലവഴിച്ചു കഴിഞ്ഞിട്ടില്ല.

ii നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പദ്ധതിയേതര ചെലവുകൾ ചുരുക്കുന്ന നടപടി

1 (4039) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പദ്ധതിയേതര ചെലവുകൾ ചുരുക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ രണ്ടു വർഷങ്ങളിൽ എത്ര കോടി രൂപയുടെ ചെലവുകൾ ചുരുക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് ഏതൊക്കെ ഹെഡ്ഡുകളിൽ എത്രയൊക്കെ തുകയാണ് കുറവ് വന്നതെന്ന് വിശദമാക്കാമോ ;

(സി) ഏതൊക്കെ ഹെഡ്ഡുകളിൽ ചെലവുകൾ വർദ്ധിച്ചുവെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ചെലവു ചുരുക്കലിന്റെ ഭാഗമായി പദ്ധതിയേതര ചെലവിനങ്ങളിൽ ഉണ്ടായിട്ടുള്ള കുറവ് കണക്കാക്കാനുള്ള സംവിധാനം ഇപ്പോഴില്ല. ആയതിനാൽ വിശദമായ കണക്കുകൾ ലഭ്യമല്ല റവന്യൂ, മൂലധനം എന്നിവയിലുള്ള മൊത്തം പദ്ധതിയേതര ചെലവ് 2000-2001-ൽ 10,019.95 കോടി രൂപയായിരുന്നത് 2001-2002-ൽ 9,908.11 കോടി രൂപയായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. 2002-2003-ലെ അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്ക് പ്രകാരം ഇത് 11,225.12 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്.

(ബി) 2001-2002-ൽ ശമ്പളം, വേതനം, വാടക, വാഹനങ്ങൾ, മറ്റു ചെലവുകൾ എന്നീ ഇനങ്ങളിലാണ് കുറവ് വന്നിട്ടുള്ളത്. അത് യഥാക്രമം 292.67 കോടി, 7.22 കോടി, 1.06 കോടി, 2.16 കോടി, 4.62കോടി വീതമായിരുന്നു. 2002-2003-ലെ ചെലവുകളുടെ വിശദമായ കണക്കുകൾ ലഭിച്ചിട്ടില്ല.

(സി) 2001-2002-ൽ ഓഫീസ് ചെലവുകൾ, യാത്രാ ചെലവുകൾ എന്നീ ഇനങ്ങളിൽ ചെലവ് വർദ്ധിച്ചു. 2002-2003-ലെ ചെലവുകളുടെ വിശദമായ കണക്ക് ലഭിച്ചിട്ടില്ല.

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly